# 28

# യേശുവിന്റെ അധികാരത്തെ വെല്ലുവിളിക്കുന്നു

## (12:22- 37)

ചെറിയ ഇടവേളക്കു ശേഷം (12:15–21), യേശുവും പരീശന്മാരുമായുള്ള തർക്കത്തെ മത്തായി വിവരിക്കുന്നു. രണ്ടു കക്ഷികളും തമ്മിൽ കഴിഞ്ഞ തവണ ഏറ്റുമുട്ടിയത് ശബ്ബത്തു വിഷയത്തെ സംബന്ധിച്ചായിരുന്നു (12:1–14). ഈ സമയത്ത്, യേശു എന്ത് അധികാരത്താൽ അത്ഭുതങ്ങൾ ചെയ്യുന്നു എന്ന തായിരുന്നു പ്രശ്നം (12:22–37).

### പരീശന്മാരുടെ തെറ്റായ ആരോപണം (12:22-24)

**22അനന്തരം ചിലർ കുരുടനും ഊമനുമായ ഒരു ഭൂത - ഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. ഊമൻ സംസാരിക്കുകയും കാൺകയും ചെയ്യുവവാൻ തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി. 23പുരുഷാരം ഒക്കെയും, "വിസ്മയിച്ചു ഇവൻ ദാവീദ് പുത്രൻ തന്നെയോ എന്നു പറഞ്ഞു." 24അതു കേട്ടിട്ടു പരീശന്മാർ "ഇവൻ ഭൂതങ്ങളുടെ തലവനായ ബെയെൽസെബൂലിനെ കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല" എന്നു പറഞ്ഞു.**

**വാക്യം 22. സംസാരിക്കുവാനും കാൺമാനും കഴിയാത്ത** ഒരു ഭൂത - ഗ്രസ്തനായ ഒരു മനുഷ്യനെ **യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു.** ആ മനുഷ്യന്റെ കാൺമാനും സംസാരിക്കുവാനും കഴിയാത്ത - രണ്ട് അവസ്ഥകളും - ഭൂത - ബാധ നിമിത്തം സംഭവിച്ചതാണ് (9:32 ന്റെ പരാമർശം നോക്കുക). ഭൂതത്തെ പുറത്താക്കി, യേശു അവന്റെ കാഴ്ച്ചയും സംസാരശേഷിയും പുനഃസ്ഥാപിച്ചു**കൊടുത്തു.**

**വാക്യം 23.** കൂടിവന്ന പുരുഷാരം **അതിശയിച്ചു** (*എക്സിസ്റ്റമി*), അല്ലെങ്കിൽ അത്ഭുതത്താൽ "മുഴുവനായും ആശ്ചര്യപ്പെട്ടു." യേശു മുൻപ് ചെയ്ത വീര്യപ്രവൃത്തികൾ കണ്ടവരും ഇതു കണ്ടു വിസ്മയിച്ചു പോയി.

യേശു ചെയ്ത അത്ഭുതങ്ങളാൽ അതിശയിച്ചുപോയെങ്കിലും, യേശു ആരാണെന്ന് അവർക്ക് തീർച്ചയില്ലായിരുന്നു (യോഹ. 7:12, 40–43; 10:19–21). അവൻ ചെയ്ത അത്ഭുതങ്ങളുടെ പിന്നിലുള്ള ശക്തി അവൻ വാഗ്ദാനം ചെയ്ത മശിഹയാണെന്ന് സൂചിപ്പിക്കുന്നതായിരുന്നു. എങ്ങനെയായാലും, അവർ യേശുവിനെ നോക്കിയപ്പോൾ, ഒരു തച്ചന്റെ മകനും, അലഞ്ഞുതിരിയുന്ന ഉപദേഷ്ടാവുമായ ഇവൻ തന്നെയാണോ ദൈവം വാഗ്ദാനം ചെയ്ത മശിഹ എന്ന ചോദ്യം അവരിലുണർന്നു, പുരുഷാരത്തിന്റെ അനിശ്ചിതത്വവും പരീശന്മാരുടെ സ്വാധീനത്തിനു കാരണമാക്കി (യോഹ. 7:13; 9:22; 19:38).

**ദാവീദിന്റെ പുത്രൻ** എന്ന പ്രയോഗം, മശിഹയുടെ പേരാണ്, അതിന് പഴയ നിയമത്തിൽ വേരുകളുണ്ട് (2 ശമു. 7:12–16; സങ്കീ. 89:3, 4; യെശ. 9:6, 7;

യിരെ. 23:5), അത് മത്തായിയിൽ പല പ്രാവശ്യം കാണാം (1:1 ന്റെ പരാമർശം നോക്കുക).[1]

**വാക്യം 24.** രക്ഷകനോട് ജനങ്ങൾക്കുണ്ടായ ആദരവ് **പരീശന്മാരെ** പരിഭ്രാന്തിയിലാക്കി. അവരുടെ ആ വിചാരമാണ്, യേശു ഭൂതത്തെ പുറത്താക്കിയപ്പോൾ അവൻ **ഭൂതങ്ങളുടെ തലവനായ ബെയൽസെബൂലിനെ** കൊണ്ടാണ് **ഭൂതത്തെ** പുറത്താക്കിയതെന്ന് ദുഷിക്കുവാൻ കാരണം (9:33, 34; 10:25 ന്റെ പരാമർശം നോക്കുക). യെഹൂദന്മാർ സാത്താനെ വിളിച്ചിരുന്ന പേരായിരുന്നു "ബെയെൽസെബൂൽ," അതാണ് ഇവിടെ ഉദ്ദേശിച്ചത്. പരീശന്മാർക്ക് യേശുവിന്റെ അത്ഭുതങ്ങളെ നിഷേധിക്കുവാൻ കഴിയാത്തതിനാൽ അവർ അതിന്റെ ഉറവിടത്തെ ആക്രമിച്ചു.[2] ക്രിസ്തുവിന്റെ ബഹുമതി ഇല്ലാതാക്കുവാനും ആളുകൾക്കിടയിലുള്ള അവന്റെ അംഗീകാരത്തെ ക്ഷയിപ്പിക്കുവാനും ആയിരുന്നു അവർ ശ്രമിച്ചത്.

## തന്റെ അധികാരത്തെ യേശു പ്രതിരോധിച്ചു (12:25-30)

**25അവൻ അവരുടെ നിരൂപണം അറിഞ്ഞു അവരോട് പറഞ്ഞത്, "ഒരു രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും. 26ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ, അവൻ തന്നിൽ തന്നെ ഛിദ്രിച്ചു പോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? 27ഞാൻ ബെയെൽസെബൂലിനെ കൊണ്ട് ഭൂതത്തെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ മക്കൾ ആരെ കൊണ്ട് പുറത്താക്കുന്നു? അതുകൊണ്ട് അവർ ങ്ങൾക്ക് ന്യായാധിപന്മാർ ആകും. 28ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ, ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം. 29ബലവാനെ പിടിച്ചു കെട്ടിയിട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പ് കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം. 30എനിക്ക് അനുകൂലമല്ലാത്തവൻ പ്രതികൂലമാകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു."**

**വാക്യം 25.** യേശു ബെയെൽസെബൂലിന്റെ ശക്തികൊണ്ടാണ് ഭൂതത്തെ പുറത്താക്കിയത് - എന്നായിരുന്നു പരീശന്മാരുടെ ആരോപണം (12:24) - അത് അവർ യേശുവിനോട് നേരിട്ടല്ല പറഞ്ഞത്. പുരുഷാരത്തിന്റെ ആരവത്തിലായിരിക്കാം അവരത് പറഞ്ഞത്. **യേശു** അവരുടെ വാക്കുകൾ കേട്ടില്ല, എന്നാൽ അവന് അവരുടെ **നിരൂപണം മനസിലായി** (9:4; യോഹ. 2:24, 25).

അവന്റെ ആദ്യ പ്രതികരണത്തിൽ, പരീശന്മാരുടെ ആരോപണത്തിലെ വൈപരീത്യം അവൻ ബോധ്യമാക്കി. തന്റെ പോയിന്റ് വ്യക്തമാക്കുവാൻ അവൻ **രാജ്യം, പട്ടണം, വീട്** എന്നിവയുടെ ചിത്രീകരണങ്ങൾ നൽകി. എല്ലാ താരതമ്യങ്ങളും ആളുകളെയാണ് വിരൽ ചൂണ്ടുന്നത്: രാജ്യത്തിലെ പൗരന്മാർ, പട്ടണ നിവാസികൾ, വീട്ടിലെ അംഗങ്ങൾ. ഇവയിൽ **ഏതൊന്നു അതിൽ തന്നെ ഛിദ്രിച്ചാലും നിലനിൽക്കുകയില്ല**. ഈ ഭാഷ സാദൃശമായുള്ളതാണെന്നാണ് ക്രെയിഗ് എസ്. കീനർ വിചാരിച്ചത്.[3] ആഭ്യന്തര കലാപം നാശത്തിനാണെന്ന വസ്തുത പരക്കെ-അറിയപ്പെടുന്നതാണ്, യേശുവിന്റെ സദസ്യർക്ക്

ഈ സത്യം നന്നായി-അറിയാം. ശലോമോന്റെ വാഴ്ച്ചക്കു ശേഷം പുരാതന യിസ്രായേൽ രാജ്യം വിഭജിക്കപ്പെട്ടിരുന്നു (1 രാജാ. 12:1–24), ആ രണ്ടു രാജ്യത്തിലേയും ആളുകളെ ക്രമേണ അശൂര്യരും ബാബേലും പ്രവാസികളായി കൊണ്ടു പോയി (2 രാജാ. 18:9–12; 25:1–21).

**വാക്യം 26.** സത്യം ചിത്രീകരിച്ച ശേഷം, യേശു അതിനെ വരുവാനിരിക്കുന്ന സാഹചര്യത്തിലേക്ക് പ്രായോഗികമാക്കി: **"സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ, അവൻ തന്നിൽ തന്നെ ഛിദ്രിച്ചുപോയല്ലോ; പിന്നെ എങ്ങനെ അവന്റെ രാജ്യം നിലനിൽക്കും?"** സൂത്രശാലിയും, തന്ത്രശാലിയുമായ സാത്താനെ സംബന്ധിച്ച് അത് ചിന്തിക്കുവാൻ പോലും കഴിയാത്തതാണ് (ഉൽപ. 3:1; 1 പത്രൊ. 5:8). ആളുകളെ ഉപദ്രവിക്കുവാൻ അവൻ അയച്ച ഭൂതങ്ങളെ അവൻ തന്നെ പുറത്താക്കി പരാജയപ്പെടുന്നതെന്തിനാണ്?

സാത്താനും ഒരു "രാജ്യം" ഉണ്ടെന്ന് യേശുവിന്റെ ആ ചോദ്യം തെളിയിക്കുന്നു. "സാത്താന്റെ അധികാരം" എന്നും (പ്രവൃ. 26:18) "ഇരുട്ടിന്റെ അധികാരം" എന്നും ആണ് പൗലൊസ് അതിനെ വിവരിച്ചത് (കൊലൊ. 1:13). ക്രിസ്ത്യാനികളുടെ ആത്മിയ പോരാട്ടം സാത്താന്റെ രാജ്യത്തോടും, "ഈ ലോകത്തിന്റെ അന്ധകാര ശക്തിയോടും," "അധികാരങ്ങളോടും," "വാഴ്ച്ചകളോടും," "സ്വർഗത്തിലെ ദുഷ്ടാത്മ സേനകളോടുമാണ്" (എഫെ. 6:12).

**വാക്യം 27.** പരീശന്മാരുടെ അഭിപ്രായങ്ങളിലെ സ്ഥിരതയില്ലായ്മയെ ക്രിസ്തു തുടർച്ചയായി ബോധ്യപ്പെടുത്തുന്നു. അവൻ **ഭൂതത്തെ** പുറത്താക്കിയത് **ബെയെൽസെബൂലിന്റെ** ശക്തികൊണ്ടാണെന്നാണ് പരീശന്മാർ അവനെ കുറ്റപ്പെടുത്തിയത്. മറുപടിയായി, **"എന്നാൽ നിങ്ങളുടെ മക്കൾ ആരെകൊണ്ട് പുറത്താക്കും?"** എന്ന് അവൻ അവരോട് ചോദിച്ചു. "മക്കൾ" എന്നത് ചില ശിഷ്യന്മാരോ അല്ലെങ്കിൽ തങ്ങൾക്ക് ഭൂതങ്ങളെ പുറത്താക്കുവാൻ കഴിയുമെന്ന് അവകാശപ്പെടുന്ന പരീശന്മാരുടെ അനുയായികളോ ആകാം.[4] തങ്ങൾ ചെയ്യുമെന്ന് അവകാശപ്പെടുന്ന അതേ കാര്യം ചെയ്ത യേശുവിനെ അവൻ പിശാചിനെ കൂട്ടുപിടിച്ചാണ് അത് ചെയ്തത് എന്നു കുറ്റപ്പെടുത്തുവാൻ കാരണം എന്താണ്? അതേ സമയം ആ ശിഷ്യന്മാർ ഭൂതങ്ങളെ പുറത്താക്കിയത് സാത്താന്റെ ശക്തികൊണ്ടാണെന്ന് കുറ്റപ്പെടുത്തിയതുമില്ല. പിന്നെ, എന്തുകൊണ്ട് യേശുവിനെ മാത്രം കുറ്റപ്പെടുത്തി? അവർ **നിങ്ങൾക്ക് ന്യായാധിപന്മാർ ആകും** എന്നതിനർത്ഥം പരീശന്മാർ യേശുവിനെ വിലയിരുത്തിയ അതേ രീതിയിൽ ആ ശിഷ്യന്മാരുടെ പുറത്താക്കൽ ചടങ്ങും വിലയിരുത്തുന്നതായിരിക്കും ന്യായം എന്നാണ്.

**വാക്യം 28.** താത്വികമായി, യെഹൂദന്മാർ ഭൂതങ്ങളെ പുറത്താക്കിയത് വ്യാജമായിരുന്നു എന്നു സമ്മതിച്ച്, യേശു **ഭൂതങ്ങളെ പുറത്താക്കിയത്** ദൈവശക്തിയാലും ദൈവത്തിന്റെ അധികാരത്താലും ആയിരുന്നു എന്നു പരീശന്മാർ അംഗീകരിക്കയുമായിരുന്നു വേണ്ടിയിരുന്നത്. താൻ **ദൈവാത്മാവിനാലാണ്** ഇതു ചെയ്യുന്നതെങ്കിൽ, **ദൈവരാജ്യം** അവർക്കിടയിലേക്ക് വന്നിരിക്കുന്നു എന്നു അവർ അംഗീകരിക്കണം. "ദൈവത്തിന്റെ ആത്മാവ്" എന്നതിനു പകരം, ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത് "ദൈവത്തിന്റെ ശക്തി" എന്നാണ് (ലൂക്കൊ. 11:20; പുറ. 8:19; 31:18; സങ്കീ. 8:3).

"ദൈവരാജ്യം" എന്ന പ്രയോഗം മത്തായിയുടെ വിവരണത്തിൽ നാല് പ്രാവശ്യമേ കാണുന്നുള്ളു (12:28; 19:24; 21:31, 43). മത്തായി ഇഷ്ടപ്പെട്ട പ്രയോഗമായിരുന്നു "സ്വർഗ രാജ്യം." ഒരേ സ്ഥാപനത്തിന്റെ രണ്ടു പേരുകളാണ്

അവ. രാജ്യം ആരംഭിക്കുന്നതു സ്വർഗത്തിലാണ്, അത് ദൈവത്തിന്റേതുമാണ്. സ്വർഗീയ സിംഹാസനത്തിലിരുന്നു തന്റെ പുത്രൻ അതിനെ ഇപ്പോൾ വാണു കൊണ്ടിരിക്കുന്നു (പ്രവൃ. 2:22-36). സഭയാണ് ആ രാജ്യം എന്നു പറയുന്നത് (16:18, 19). അതു പെന്തെകൊസ്തു നാളിൽ ഔപചാരികമായി സ്ഥാപിക്കുന്നതു വരെ, ക്രിസ്തു ലോകത്തിൽ പല വീര്യപ്രവൃത്തികളും ചെയ്തുകൊണ്ടിരുന്നു.

**വാക്യം 29. ബലവാന്റെ വീട്** കവർന്നെടുക്കുന്ന ഒരു ചിത്രീകരണ ഉപമ യേശു തന്റെ സദസ്യർക്ക് നൽകി (യെശ. 49:24-26). **ആദ്യം** അത് കാണാതെ സാധ്യമല്ലല്ലൊ. ആ സംഭവത്തിലെ **ബലവാൻ** തീർച്ചയായും സാത്താനാണ്. അവന്റെ **വീട്** എന്നത് അവന്റെ രാജ്യം ആയിരിക്കാം, അതായത്, അവന്റെ അധീനത്തിലിരിക്കുന്ന ലോകം. **അവന്റെ കോപ്പ്** എന്നത് അവൻ അധീന മാക്കി വെച്ചിരിക്കുന്ന ആളുകളെ പ്രതിനിധീകരിക്കുന്നു. "കോപ്പ്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സ്കെയുവോസ്*) "പാത്രങ്ങൾ" എന്നും തർജിമ ചെയ്യാം. സാധനങ്ങൾക്ക് പുറമെ, ചിലപ്പോൾ ആ വാക്ക് മനുഷ്യശരീരങ്ങൾക്കും ഉപ യോഗിച്ചിരിക്കുന്നു (പ്രവൃ. 9:15; 2 കൊരി. 4:7; 1 തെസ. 4:4; 2 തിമൊ. 2:20, 21; 1 പത്രൊ. 3:7). ആ വാക്കിന്റെ വഴങ്ങാവുന്ന അവസ്ഥയാണ് ഈ ഉപമയിൽ ഉപയോഗിച്ചിരിക്കുന്നത്.

ആദ്യം അവനെ പിടിച്ചു കെട്ടാതെ യേശുവിന് അവന്റെ ആധിപത്യത്തിൽ കടക്കുവാൻ കഴിയുമായിരുന്നില്ല (വെളി. 20:2). **പിടിച്ചുകെട്ടുക** എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഡിയോ*) അർത്ഥം "അടക്കുക," അല്ലെങ്കിൽ "നിയന്ത്രിക്കുക" എന്നാണ്. സാത്താന്റെ ശക്തി പൂർണ്ണമായും നിയന്ത്രിച്ചു എന്നു പറയാവു ന്നതല്ല. സാത്താൻ യേശുവിന്റെ ആധിപത്യത്തിൽ കടന്ന് അവന്റെ ഇരകളെ മോചിപ്പിക്കുവാനുള്ള വഴി ഒരുക്കി. ഭൂതങ്ങളുടെ പിടിയിലായിരുന്ന ജീവിത ങ്ങളെ യേശു കൈവശമാക്കി എന്നർത്ഥം.

**വാക്യം 30. "എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലമാ കുന്നു"** എന്ന് യേശു തന്റെ ശ്രോതാക്കളോട് മുന്നറിയിച്ചു. യേശു ചെയ്ത അത്ഭുതങ്ങൾ ഒന്നുകിൽ ദൈവത്തിന്റെ ശക്തിയാലാണെന്ന് ഒരു വ്യക്തി വിശ്വസിക്കണം, അല്ലെങ്കിൽ പിശാചിന്റെ ശക്തിയാലാണെന്ന് വിശ്വസിക്കണം. രണ്ടിനും ഇടക്ക് യേശുവിനെ കാണുവാൻ ആർക്കും സാധ്യമല്ല. ഒന്നുകിൽ അവൻ ആരെന്ന് അവകാശപ്പെട്ടുവോ, അങ്ങനെയായിരിക്കണം, അല്ലെങ്കിൽ അനേകം കള്ളപ്രവാചകന്മാർ ലോകത്തിലേക്ക് വന്നിട്ടുള്ളവരിൽ ഒരാളാക ണം. ഒരു വ്യക്തി ഒന്നുകിൽ അവന് അനുകൂലമായിരിക്കും അല്ലെങ്കിൽ പ്ര തികൂലമായിരിക്കും (10:32, 33).

ക്രിസ്തു പിന്നെ പറഞ്ഞു, **"എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കു ന്നു."** മുമ്പിലത്തെ വേദഭാഗങ്ങളിലെന്നപോലെ (9:36; 10:6, 16), അവന്റെ ഭാഷ ആടുകളെ മേയ്ക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു (1 രാജാ. 22:17; യെശ. 40:11; യിരെ. 31:10; യെഹെ. 34:11-16; മീഖാ. 2:12; നാഹൂം. 3:18; സെഖ. 13:7). ഇടയൻ ഒന്നുകിൽ യേശുവിനോട് ചേർന്ന് ആടുകളെ ചേർത്തുകൊള്ളും, അല്ലെങ്കിൽ യേശുവിനെതിരായി ആടുകളെ വ്യത്യസ്ത ദിശകളിലേക്ക് ചിതറിച്ചുകളയും.

## ആത്മാവിനെതിരെയുള്ള ദൂഷണം
## (12:31, 32)

**31 "അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നതു, സകല പാപവും ദൂഷ**

**ണവും മനുഷ്യരോട് ക്ഷമിക്കും; ആത്മാവിനു നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല. [32]ആരെങ്കിലും മനുഷ്യപുത്രനു നേരെ ഒരു വാക്ക് പറഞ്ഞാൽ അത് അവനോട് ക്ഷമിക്കും; പരിശുദ്ധാത്മാവിനു നേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അവനോട് ക്ഷമിക്കയില്ല."**

**വാക്യം 31.** തന്റെ അവസാന തീർപ്പിൽ യേശു സൂചിപ്പിച്ച **പാപത്തെ** അറിയപ്പെടുന്നത് "ക്ഷമിക്കപ്പെടാത്ത പാപം" ആയിട്ടാണ്. ബൈബിൾ ആ വാക്ക് പറയുന്നില്ല, എന്നാൽ യേശു പറഞ്ഞത്, **അവനോട് ക്ഷമിക്കയില്ല** എന്നാണ്. അത് എന്തു പാപമാണ്? പരീശന്മാർ എന്താണ് ചെയ്തത്? അവർ **പരിശുദ്ധാത്മാവിന്റെ** ശക്തിയെ പിശാചിന് നൽകി. "അശുദ്ധാത്മാവിനാൽ, " അല്ലെങ്കിൽ "ദുരാത്മാവിനാലാണ്" യേശു ഭൂതങ്ങളെ - പുറത്താക്കിയത് എന്നാണ് അവർ പറഞ്ഞത് (മർ. 3:30). അതുകൊണ്ട് അവർ പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറഞ്ഞു. അതിന്റെ ഇടുങ്ങിയ അർത്ഥത്തിൽ, **ദൂഷണം** (*ബ്ലാസ്ഫെമിയ*) എന്നത് ദൈവത്തെ ആക്ഷേപിക്കുന്നതായിരുന്നു.

പഴയ നിയമത്തിൽ ദൈവത്തിനെതിരായി പാപം ചെയ്തിരുന്നതുമായി യോജിക്കുന്നതായിരുന്നു യേശു മുന്നറിയിച്ച ദൂഷണം. സംഖ്യാപുസ്തകം 15:30 പറയുന്നു, "എന്നാൽ സ്വദേശികളിലോ പരദേശികളിലോ ആരെങ്കിലും ['കരുതിക്കൂട്ടിക്കൊണ്ട്' (ആർഎസ്വി)], ചെയ്താൽ അവൻ യഹോവയെ ദുഷിക്കുന്നു; അവനെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചുകളയേണം." ആവ. 29:20 ഉം പറയുന്നത് വിഗ്രഹാരാധികളും ദൈവത്തോടു മൽസരിക്കുന്നവരുമായവർ "ക്ഷമിക്കുവാൻ യഹോവക്ക് മനസ് വരാതെ, യഹോവയുടെ കോപവും തീഷ്ണതയും ആ മനുഷ്യന്റെ നേരെ ജ്വലിക്കും"; "ആകാശത്തിൻകീഴിൽനിന്നും അവന്റെ നാമം ഛേദിച്ചുകളയുകയും ചെയ്യും."

**വാക്യം 32. മനുഷ്യപുത്രനെതിരായി ഒരു വാക്ക് പറയുന്ന ഏവനോടും ക്ഷമിക്കും** എന്നു യേശു പറഞ്ഞിരിക്കുന്നു. പിന്നെ പത്രൊസ് കർത്താവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു എങ്കിലും, അവനോട് ക്ഷമിക്കുകയും അവനെ സേവനത്തിനായി യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു (26:69–75; യോഹ 21:15–17). "ദൂഷകനും, ഉപദ്രവിയും, നിഷ്ഠൂരനും" ആയിരുന്ന പൗലൊസിനും ക്ഷമാപണം ലഭിച്ചു (1 തിമൊ. 1:13; പ്രവൃ. 9:1, 2).

എന്നിരുന്നാലും ആരെങ്കിലും പരിശുദ്ധാത്മാവിനെതിരെ സംസാരിച്ചാൽ അതു ക്ഷമിക്കുകയില്ല. പല വേദഭാഗങ്ങളുമെന്നപോലെ മനസിലാക്കുവാൻ പ്രയാസമുള്ള ഒന്നാണ് ക്ഷമാപണം ലഭിക്കുകയില്ല എന്നു പറയുന്നത് (എബ്രാ. 6:4–6; 10:26–31; 1 യോഹ. 5:16, 17). ജെ. ഡബ്ലിയു. മെക്ഗാർവേ ഇതിനെ മനസിലാക്കിയത്, അതു വിശ്വാസത്തിന്റെ അടിസ്ഥാനത്തെ തള്ളിക്കളയുന്നതായിട്ടാണ്:

> മനുഷ്യപുത്രനെതിരെ പറയുന്നതിനേക്കാൾ പരിശുദ്ധാത്മാവിനെതിരെ പറയുന്നത് വിനാശകരമാകുവാൻ കാരണം, നമ്മുടെ ബുദ്ധിക്ക് അതീതമായിരിക്കാം; എന്നാൽ ഇത്രത്തോളം നമുക്ക് അറിയാം, യേശുക്രിസ്തുവിനെതിരായി സംസാരിച്ചാലും, പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തുമ്പോൾ അയാൾ തിരിച്ചു വിശ്വാസത്തോടെ വരാവുന്നതാണ്. എന്നാൽ അയാൾ പരിശുദ്ധാത്മാവ് നൽകിയ തെളിവ് വിശ്വസിക്കാതെ ആ ശക്തി പിശാചിന് കൊടുത്താൽ, അയാൾ തള്ളിക്കളയുന്നത് വിശ്വാസത്തിന്റെ അടിസ്ഥാനത്തെ തന്നെയാണ്; വിശ്വാസമില്ലെങ്കിൽ പാപമോചനവുമില്ല.[5]

അതുകൊണ്ട്, "ക്ഷമിക്കപ്പെടാത്ത പാപത്തെ" കുറിച്ച് യേശു പറഞ്ഞപ്പോൾ, താൻ ചെയ്ത അത്ഭുതങ്ങൾ പിശാചിനാലാണെന്ന് (സാത്താൻ) പറഞ്ഞു പരീശന്മാർ തന്റെ ശുശ്രൂഷയെ നശിപ്പിക്കുവാനായിരുന്നു ശ്രമിച്ചത് എന്നു യേശു പറഞ്ഞു.

## ഒരു വൃക്ഷവും അതിന്റെ ഫലവും (12:33-37)

**33"ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നു വെയ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വെയ്പിൻ; ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്. 34സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ എങ്ങനെ നല്ലതു സംസാരിക്കുവാൻ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലൊ വായ് സംസാരിക്കുന്നത്. 35നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലത് പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ തന്റെ ദുർന്നിക്ഷേപത്തിൽനിന്നു തീയത് പറപ്പെടുവിക്കുന്നു; 36എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസാര വാക്കിനും. ന്യായവിധിനാളിൽ കണക്ക് ബോധ്യപ്പെടുത്തേണ്ടിവരും എന്നു ഞാൻ നിങ്ങളോട് പറയുന്നു. 37നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും, നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും."**

**വാക്യം 33.** മുൻപ്, മലപ്രസംഗത്തിൽ, ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് യേശു പറഞ്ഞു, "അവരുടെ ഫലത്താൽ നിങ്ങൾക്ക് അവരെ അറിയാം ... നല്ല വൃക്ഷം ആകാത്ത ഫലവും ആകാത്ത വൃക്ഷം നല്ല ഫലവും പുറപ്പെടുവിക്കയില്ല" (7:16–18). ഇവിടെ അവൻ വീണ്ടും **വൃക്ഷത്തിന്റേയും ഫലത്തിന്റേയും** ഭാവന ഉപയോഗിച്ചിരിക്കുന്നു. ആ പ്രസ്താവന പരീശന്മാരെയാണ് വിരൽ ചൂണ്ടിയത്. യേശു പിശാചിന്റെ ശക്തിയാലാണ് ഭൂതങ്ങളെ പുറത്താക്കിയതെന്ന ആരോപണം പരീശന്മാർ തങ്ങളുടെ ഹൃദയത്തിൽനിന്നാണ് പുറപ്പെടുവിച്ചത്. അപോക്രിഫയിൽ, സിരാഖ് 27:6 പറയുന്നു, "ഒരു മരം നട്ടാൽ അതിനെ വെളിപ്പെടുത്തുന്നത് അതിന്റെ ഫലമാണ്; അതുപോലെ, ഒരു മനുഷ്യന്റെ സംസാരം അവന്റെ മനസിനെ വെളിപ്പെടുത്തുന്നു." (എൻ ആർഎസ്‌വി).

**വാക്യം 34.** തന്നെ വിമർശിച്ചവരെ യേശു **സർപ്പസന്തതികളെ** എന്നാണ് വിളിച്ചത്. യോർദ്ദാൻ നദിയിൽ തന്റെ സ്നാനം ഏൽക്കുവാൻ വന്ന പരീശന്മാരെ യോഹന്നാൻ സ്നാപകനും അങ്ങനെയാണ് വിളിച്ചത് (3:7). "സന്തതി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ജെനെമാ*) "പൈതൽ" എന്നും തർജിമ ചെയ്യാം (23:29–33). "സർപ്പം" എന്ന വാക്ക് (*എകിഡ്നാ*) മദ്ധ്യധരണ്യാഴിയുടെ ഭാഗത്ത് കാണപ്പെടുന്ന പല രീതിയിലുള്ള വിഷമുള്ള പാമ്പുകളെയാണ് സൂചിപ്പിക്കുന്നത്. മെലീത്താ ദ്വീപിൽ വെച്ച് വിറകു പെറുക്കിയപ്പോൾ ഒരു പാമ്പ് പൗലൊസിന്റെ കൈയിൽ ചുറ്റി (പ്രവൃത്തികൾ 28:3–6). അത്തരം പാമ്പ് കടിച്ചാൽ കഠിനമായ വേദനയുണ്ടാകുകയും മരിക്കുകയും ചെയ്യും.

പരീശന്മാർ, സർപ്പ സന്തതികളെ പോലെ അവർക്കുള്ളിലെ വിഷമുള്ള ഉപദേശവുമായി ആളുകളിലേക്ക് കൂട്ടമായി ഇറങ്ങി ചെന്നു കൊണ്ടിരുന്നു (23:15). അവരുടെ ദുരുപദേശങ്ങൾ കേൾവിക്കാരുടെ ഹൃദയങ്ങളിൽ, ദൈവത്തിന്റെ സത്യത്തെ നഷ്ടപ്പെടുത്തുന്നതും ആളുകളെ ആത്മിയമായി നശിപ്പിക്കുന്നതുമായിരുന്നു.

തനിക്കെതിരായി സംസാരിച്ചവരുടെ പ്രസ്താവനകൾ തന്നെ അവരെ കുറ്റം വിധിക്കുമെന്ന് യേശു കാണിച്ചു കൊടുത്തു. അവൻ പറഞ്ഞു, ''**നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിക്കുവാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലയോ വായ് സംസാരിക്കുന്നത്.**" അവർ ഭക്തിയുള്ള പെരുമാറ്റം കാഴ്ച്ച വെച്ചുവെങ്കിലും, അവരുടെ വായ് അവരുടെ ഹൃദയത്തെ വെളിപ്പെടുത്തി (15:18, 19 നോക്കുക).

**വാക്യം 35.** ഗ്രീക്ക് വാക്ക് *തെസൗറോസ്* അർത്ഥമാക്കുന്നത്, ഒന്നുകിൽ **നിക്ഷേപം** അല്ലെങ്കിൽ അതു വെച്ചിരിക്കുന്ന സ്ഥലം എന്നാണ് - ഉദാഹരണമായി, ''നിക്ഷേപ പാത്രം,'' അല്ലെങ്കിൽ ''സാധന ശേഖരസ്ഥലം'' (2:11; 6:19, 20 ന്റെ പരാമർശം നോക്കുക). ഒരാളുടെ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്നതാണ് അയാളുടെ വായിൽനിന്നു പുറത്തു വരുന്നത്. ഒരാളുടെ ഹൃദയത്തിൽ **നല്ല** ചിന്തകളും വാക്കുകളുമാണുള്ളതെങ്കിൽ, അതായിരിക്കും അയാൾ സംസാരിക്കുന്നത്. നേരെ മറിച്ച് ഒരാളുടെ ഉള്ളിൽ **ദുഷ്ടത** ആണുള്ളതെങ്കിൽ, അതു മാത്രമെ അയാൾക്ക് സംസാരിക്കുവാൻ കഴിയു. വാസ്തവത്തിൽ ഒരാളുടെ ഹൃദയത്തിൽ എന്താണോ, അതാണ് വായ് വെളിപ്പെടുത്തുന്നത് (സദൃശ. 4:23, 24).

**വാക്യങ്ങൾ 36, 37. അശ്രദ്ധയോടെ അവർ സംസാരിച്ച വാക്കുകൾക്കെല്ലാം ന്യായവിധി നാളിൽ അവർക്ക് കണക്കു കൊടുക്കേണ്ടി വരും** എന്നാണ് യേശു തന്റെ കേൾവിക്കാരെ മുന്നറിയിച്ചത്."അശ്രദ്ധ" എന്ന വാക്ക് (*ആർഗോസ്*) "വ്യർത്ഥമായ,"അല്ലെങ്കിൽ "ഉപയോഗമില്ലാത്ത" എന്നും തർജിമ ചെയ്യാം. ഇന്ന് ആളുകൾ "വ്യർത്ഥമായി" സംസാരിക്കുന്നതിനെ അല്ല യേശു പറഞ്ഞത്. മറിച്ച്, അവൻ പറഞ്ഞത്, വിദ്വേഷജനകവും, ഉപദ്രവകരവും, അപഖ്യാതിപരവുമായ[6] സംസാരത്തെയാണ് അവൻ ഉദ്ദേശിച്ചത്. വിലയില്ലാത്ത അത്തരം വാക്കുകൾകൊണ്ട് ഒരു ഗുണവുമില്ല എന്നു മാത്രമല്ല, അവ ദൈവം ന്യായവിധിയിലേക്ക് കൊണ്ടുവരികയും ചെയ്യും. ഒരാളുടെ വാക്കുകൾ ഒന്നുകിൽ അയാളെ **നീതീകരിക്കും** അല്ലെങ്കിൽ **കുറ്റം വിധിക്കും**. ഒരാളുടെ വാക്കുകൾ അയാളുടെ യഥാർത്ഥ സ്വഭാവത്തെ വെളിപ്പെടുത്തും, അതിന്റെ അടിസ്ഥാനത്തിലായിരിക്കം ദൈവത്തിന്റെ കോടതിയിൽ അയാളെ വിധിക്കുന്നത്.

## പാഠങ്ങൾ

### നീതിയുള്ള ന്യായവിധി (12:22-30)

ക്രിസ്തു വരുന്നതിനു അനേക നൂറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ചിരുന്ന പ്രവാചകനായിരുന്ന യെശയ്യാവ് ഈ വാക്കുകളാൽ കുറ്റപ്പെടുത്തിയിരുന്നു: "തിന്മക്കു നന്മ എന്നും നന്മെക്ക് തിന്മ എന്നും പേർ പറകയും, ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും, കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം" (യെശ. 5:20). പരിശുദ്ധാത്മാവിന്റെ ശക്തിയെ പരീശന്മാർ തെറ്റായി ഭൂതങ്ങളുടെ തലവനായ ബെയെൽസെബൂലിന് നൽകിയപ്പോൾ, അവർ ഇത്തരത്തിലുള്ള അഭിപ്രായപ്രകടനമാണ് നടത്തിയത്. അതിൽനിന്നു വ്യത്യസ്തമായി നമ്മുടെ ദൈനന്തിന ജീവിതത്തിൽ നാം ശരിയായ അഭിപ്രായമാണ് സ്വീകരിക്കേണ്ടത്. തീർപ്പ് എടുക്കുന്നതിനു മുൻപ് നാം കാര്യങ്ങളെ ശരിയായി വിശകലനം ചെയ്യണം.

നമ്മുടെ തീർപ്പിനെ നമ്മുടെ മുൻവിധിയോ, സ്വയേ-ഛയോ, സ്വാധീനിക്കാതെ നോക്കണം. യേശു നമ്മെ പഠിപ്പിച്ചു, "കാഴ്ച്ചപ്രകാരം വിധിക്കാതെ, നീതി യുള്ള വിധി വിധിപ്പിൻ" (യോഹ. 7:24).

ഡേവിഡ് സ്റ്റുവർട്ട്

**"ഛിദ്രിച്ച വീട്" (12:25)**

"ഛിദ്രിച്ച വീട്" എന്ന പ്രയോഗം പലപ്പോഴും അബ്രഹാം ലിങ്കണെ ഓർമ്മി ക്കുകയാണ്, കാരണം അദ്ദേഹം തന്റെ പ്രസിദ്ധമായ പ്രസംഗങ്ങളിൽ ഒന്നിൽ ഇത് ഉപയോഗിച്ചിരുന്നു. അന്ന് ലിങ്കൺ സെനറ്റിലേക്കുള്ള ഒരു സ്ഥാനാർത്ഥി യായിരുന്നു, പിന്നീടാണ് അദ്ദേഹം അമേരിക്കയുടെ പ്രസിഡന്റായത്, അദ്ദേഹം അന്നു പറഞ്ഞു, "ഒരു വീട് അതിൽ തന്നെ ഛിദ്രിച്ചാൽ അതിനു നിലനിൽപി ല്ല. ഒരു ഗവൺമെന്റിന് പകുതി അടിമകളും പകുതി സ്വതന്ത്രരുമായി നിലനി ൽക്കുവാൻ സാധ്യമല്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്."[7] സമർപ്പിക്കപ്പെട്ട ഒരു ബൈബിൾ വായനക്കാരനായിരുന്നു ലിങ്കൺ, അതുകൊണ്ടാണ് യേശു വിന്റെ ഭാഷ അദ്ദേഹം കടമെടുത്തത്.

ഭിന്നത ഏതൊരു സ്ഥാപനവും വീഴുവാൻ കാരണമാകും എന്നതാ യിരുന്നു യേശുവിന്റെ പോയിന്റ്. ആഭ്യന്തര യുദ്ധം അനേക രാജ്യങ്ങളെ വിഭജിക്കുകയും, അത് ആ രാജ്യങ്ങളുടെ വീഴ്ച്ചക്കു കാരണമാകുകയും ചെയ്തിട്ടുണ്ട്. ഭിന്നത ഒരു സമൂഹത്തിലോ, ഇടവകയിലോ, കുടുംബത്തിലോ സംഭവിച്ചാൽ ഫലം വിപത്തു തന്നെയായിരിക്കും. അതിൽനിന്നു വ്യത്യസ്ത മായി, ക്രിസ്ത്യാനികൾ നല്ല പൗരന്മാരും, സഭാംഗങ്ങളും, കുടുംബാംഗങ്ങ ളുമായി ഐക്യത പ്രോൽസാഹിപ്പിക്കുന്നവരായിരിക്കണം (1 പത്രൊ. 2:17; എഫെ. 4:3; 5:22-6:4).

**ബലവാനെ പിടിച്ചുകെട്ടൽ (12:29)**

ഭൂതങ്ങളെ പുറത്താക്കിക്കൊണ്ട്, യേശു തനിക്ക് സാത്താന്റെ മേൽ അധികാരമുണ്ടെന്ന് തെളിയിച്ചു; അവൻ ബലവാനെ പിടിച്ചുകെട്ടി അവന്റെ വീട് കവർന്നു. ഇന്ന്, ലോകത്തിലുള്ള എല്ലാ ദുഷ്ടതയും കാണുമ്പോൾ, ന മുക്ക് നിരാശയുണ്ടാകും. "ലോകത്തിലുള്ളവനേക്കാൾ വലിയവനാണ് നി ങ്ങളിലുള്ളത്" എന്ന് നാം ഓർക്കണം (1 യോഹ. 4:4). "തെറ്റുകൾ മൃദുലവും ശക്തവുമെന്നു തോന്നുമെങ്കിലും, അവയെ നിയന്ത്രിക്കുന്നത് ദൈവമാണ് എന്നോർക്കുക."[8] പൗലൊസ് എഴുതി, "ദൈവം നമുക്ക് അനുകൂലമെങ്കിൽ, പ്രതികൂലം ആർ?" (റോമർ. 8:31; എൻഐവി). "ഒന്നും ദൈവവും ചേർന്നാൽ ഭൂരിഭാഗമായി"[9] എന്നു പറയപ്പെട്ടിട്ടുണ്ട്. സാത്താനെ ശിക്ഷക്ക് വിധിച്ചിരി ക്കുന്നു എന്ന് ഓർക്കുക; അവന്റെ അന്തിമ സ്ഥാനവും ഉറപ്പിച്ചിരിക്കുന്നു (വെളി. 20:10).

ഡേവിഡ് സ്റ്റുവർട്ട്

**ശ്രദ്ധിക്കാത്ത വാക്കുകൾ (12:36, 37)**

പരസ്യമായി പറയുന്ന വാക്കുകൾ ഒരാൾ ശ്രദ്ധിച്ചേക്കാം, എങ്കിലും, രഹസ്യമായ നിമിഷങ്ങളിൽ അയാൾ സംസാരം സൂക്ഷിക്കാതെ തോന്നിയ രീതിയിൽ സഭ്യമല്ലാതെ സംസാരിച്ചേക്കാം. യാക്കൊബ് എഴുതി,

> നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവുന്നതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽനിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരെ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? (യാക്കൊ. 3:8-11).

ദൈവം നമ്മുടെ വാക്കുകൾ ശ്രദ്ധിക്കും, നമ്മുടെ വാക്കുകൾക്ക് നാം കണക്കു കൊടുക്കണം. ദൈവം നമ്മുടെ ഓരോ വാക്കും ശ്രദ്ധിക്കുമെന്ന് വിശ്വസിച്ചാൽ, നാം എങ്ങനെ സംസാരിക്കും, എന്തു സംസാരിക്കും എന്നതിൽ എത്ര വ്യത്യാസം വരും! നമ്മുടെ വാക്കുകൾ മറ്റുള്ളവരെ ഈ ലോകത്തിൽ വ്രണപ്പെടുത്തും, മറ്റുള്ളവർ നമ്മെ മോശക്കാരായി കാണും എന്നതു വാസ്തവമാണ്, പക്ഷെ അതല്ല നമ്മുടെ അശ്രദ്ധമായ വാക്കുകളിലെ വാസ്തവത്തിലുള്ള അപകടം. യേശു പറഞ്ഞതിലെ യഥാർത്ഥമായ ഭീഷണി എന്തെന്നാൽ, നാം ന്യായവിധിക്ക് ദൈവമുൻപാകെ നിൽക്കുമ്പോഴത്തെ അനന്തരഫലമാണ്. നമ്മുടെ സംസാരം ഒന്നുകിൽ നമ്മെ നീതീകരിക്കും അല്ലെങ്കിൽ ശിക്ഷ വിധിക്കും.

---

കുറിപ്പുകൾ

[1]*ശലോമോന്റെ സങ്കീർത്തനങ്ങൾ* 17.21 നോക്കുക. [2]മറ്റുള്ളവർ യേശുവിനെ ഭൂത - ബാധിതൻ എന്നാണ് കുറ്റപ്പെടുത്തിയത് (യോഹ. 7:20; 8:48, 52; 10:20). പിൽക്കാലത്ത്, അവിശ്വാസികളായ യെഹൂദന്മാർ യേശുവിനെ ആഭിചാരക്കാരൻ എന്നു കുറ്റപ്പെടുത്തിയിരുന്നു (താൽമൂദ് *സാൻഹാദ്രൻ* 43 എ; 107 ബി; ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രൈഫോ* 69; ഒറിജിൻ *എഗെൻസ്റ്റ് സെൽസ്* 1.28.) [3]ക്രെയിഗ് എസ് കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 363. [4]യെഹൂദന്മാരുടെ ഭൂതങ്ങളെ പുറത്താക്കലിന് നോക്കുക, മർ. 9:38; പ്രവൃ. 19:13-16; ജോസെഫസ് *ആന്റികിറ്റീസ്* 8.2.5; *വാഴ്സ്* 7.6.3; ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രൈഫോ* 85; ഐറേനിയസ് *എഗൻസ്റ്റ് ഹെരെസീസ്* 2.6.2. [5]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി,* വാല്യം. 1, *മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875 റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 110. [6]എച്ച് ലിയോ ബോൾസ്, ഏ *കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ്* ടു മാത്യു (നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 273. [7]അബ്രഹാം ലിങ്കൺ, ജൂൺ 16, 1858-ൽ റിപ്പബ്ലിക്കൻ സ്റ്റേറ്റ് കൺവെൻഷനിൽ നടത്തിയ പ്രസംഗത്തിൽനിന്ന്. [8]മാൾട്ട് ബി ഡി. ബാബ്കോക്ക്, "ദിസ് ഈസ് മൈ ഫാദേഴ്സ് വേൾഡ്" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കോമ്പ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1994). [9]ഫ്രെഡറിക് ഡഗ്ലസ് (എച്ച്ടിടിപി://ക്വട്ടേഷൻബുക്ക്.കോം//ക്വോട്ട്/17251/; ഇന്റർനെറ്റ്, ആസ്സെസ്ഡ് 8 മാർച്ച് 2010).